ജി ഡബ്ല്യു എൽ പി സ്കൂൾ
നീലേശ്വരം

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025-26

# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025-26
## ജി. ഡബ്ല്യൂ. എൽ. പി. എസ്
## നീലേശ്വരം

ആമുഖം

സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാല ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ടാണ് 2025-26 വർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൂടുതൽ പ്രാധാന്യം നൽകി എല്ലാ പഠനലക്ഷ്യങ്ങളും നേടിയെടുക്കാൻ അവരെക്കൂടി പ്രാപ്തരാക്കുക, പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരവും ശിശുസൗഹൃദപരവും ആയി മാറുക, വിദ്യാലയ ഭൗതിക സംവിധാനങ്ങളായ ലൈബ്രറി ലാബ് കമ്പ്യൂട്ടർ എന്നിവ മുഴുവൻ വിദ്യാർത്ഥികൾക്കും അനുഭവമാകും വിധം പരമാവധി പ്രയോജ-

നടത്തുന്ന പഠനപ്രവർത്തനങ്ങൾക്ക് പുറമേ
കലാകായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിൽ ഇടപെടു
ന്നതിനുള്ള അവസരമൊരുക്കുന്ന് ഓരോ വിദ്യാർത്ഥിയെയും
ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ ശാരീരികവും
മാനസികവും വൈജ്ഞാനികവുമായ വികാസം സാധ്യമാകു
ന്ന തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സജ്ജമാക്കു
ന്നതിൽ മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ലഹരി
പോലുള്ള സാമൂഹ്യവിപത്തുകൾക്കെതിരെ പോരാടാൻ
ശേഷിയെ പ്രോത്സാഹനത്തിൻ ഇടനിലവയാണ് ഈ വർഷ-
ത്തെ അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. അതോടൊ
പ്പം എല്ലാ രക്ഷിതാക്കളുടെയും പങ്കാളിത്തം സ്കൂൾ
പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക, എന്നതും ലക്ഷ്യമിടുന്നു

# മലയാളം

## ഭാഷ

### ലക്ഷ്യങ്ങൾ

1 കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക.

2 മലയാളം തെറ്റ് കൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസം വായിക്കുക.

3 വിവിധ വ്യവഹാരരൂപങ്ങൾ തിരിച്ചറിയുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക.

4 പ്രാദേശിക കലാരൂപങ്ങൾ പരിചയപ്പെട്ടു തിരിച്ചറിയുക.

5 കഥകൾ നാടകങ്ങൾ പഴഞ്ചൊല്ലുകൾ തുടങ്ങിയവയ്ക്ക് ആസ്വാദനത്തിലൂടെ പ്രവണത തിരിച്ചറിയുക.

വിവിധ വ്യവഹാര രൂപങ്ങളിൽ ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള ശേഷി നേടിയെടുക്കുക.

## ജൂൺ - ജൂലായ്

1 എല്ലാ ക്ലാസിലും വായന, ലേഖനം എന്നിവയിൽ നേടിയ അടിസ്ഥാന ശേഷികൾ പരിശോധിക്കുന്നു.

2 ക്ലാസ് ലൈബ്രറികൾ സജ്ജീകരിക്കുന്നു.

3 വായനാക്കാർഡുകൾ, ലളിതമായ കഥകൾ ഉൾപ്പെടുന്ന പുസ്തകങ്ങൾ എന്നിവ വായനയ്ക്കായി നൽകുന്നു.

4 വായിച്ച പുസ്തകങ്ങളെക്കുറിച്ച് ലഘുകുറിപ്പുകൾ തയ്യാറാക്കുന്നു. വായിച്ച കഥയിലെ ആശയങ്ങൾ ചിത്രീകരിക്കൽ, പഠിച്ച അക്ഷരങ്ങൾ വരുന്ന വാക്കുകൾ കണ്ടെത്തി എഴുതൽ തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടിയുടെ നിലവാരത്തിനനുസരിച്ച് നൽകുന്നു - വായനാവാരാചരണം

5 കാവ്യോത്സവം - സംഘടിപ്പിക്കുന്നു. പാഠഭാഗത്തിലെല്ലാം അനുബന്ധമായി താളാത്മകമായ കവിതകൾ വാദ്യോപകരണങ്ങളുടെ സഹായത്തോടെ ആംഗ്യം താളമേളവും ചൊല്ലി അവതരിപ്പിക്കുന്നു.

6 നാടൻപാട്ട് ശില്പശാല സംഘടിപ്പിക്കുന്നു

## ആഗസ്റ്റ് - സെപ്റ്റംബർ

1 ക്ലാസ് ലൈബ്രറികൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നു.

2 വായിച്ച പുസ്തകങ്ങൾ ബാലസഭ, അസംബ്ലി, പ്രഭാതസദസ്സ് എന്നിവിടങ്ങളിൽ അവതരിപ്പിക്കുന്നു.

3 കഥോത്സവം പരിപാടി സംഘടിപ്പിക്കുന്നു.

പ്രാദേശികമായ നാടോടിക്കഥകൾ മുത്തശ്ശി / മുത്തശ്ശൻ-മാരിൽ നിന്നും കേൾക്കാനും ആ കഥകൾ ബാലസഭകളിൽ അവതരിപ്പിക്കുന്നതിനും ഉള്ള അവസരങ്ങൾ നൽകുന്നു.

4 ഒന്നാം ടേം പഠനോത്സവം പരിപാടി സംഘടിപ്പിക്കുന്നു.

5 കുട്ടികളുടെ വിവിധ അനുഭവങ്ങളെ സർഗാത്മകമായി എഴുതി അവതരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുന്നു.

6 വായിച്ച പുസ്തകത്തിലെ കഥകൾ പാഠഭാഗങ്ങൾ തുടങ്ങിയവ റീഡേഴ്സ് തിയേറ്ററിൽ ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കുന്നു.

## ഒക്ടോബർ - നവംബർ

1 പ്രാദേശിക കലാരൂപങ്ങൾ കുട്ടികൾക്ക് നേരിട്ട് കാണാനവസരം, കലാകാരൻമാരെ നേരിൽകണ്ട് സംസാരിക്കാനതിനുള്ള അവസരങ്ങൾ ഒരുക്കുന്നു.

2 സ്വതന്ത്രസർഗ്ഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഏകദിന പരിപാടി സംഘടിപ്പിക്കുന്നു. കഥ, കവിത, ചിത്രരചന, അഭിനയം

## ഡിസംബർ - ജനുവരി

1 കുട്ടികളുടെ വിവിധരചനകൾ മാസികയായി പ്രകാശനം ചെയ്യുന്നു.

2 കാവ്യോത്സവം - കാവ്യാവിഷ്കാരം - വീഡ് lens.

3 റിവേഴ്സ് നിയർ പ്രവർത്തനങ്ങൾ

4 സർഗ്ഗാത്മക ഡയറി പ്രകാശനം.

## C ഫെബ്രുവരി - മാർച്ച്

1 കവിസ്ഥലം സന്ദർശനം.

2 പഠനോത്സവം - കുട്ടികളുടെ പഠനമികവുകളുടെ ആവിഷ്കാര പ്രകടനങ്ങൾ.

# English

## Aims

- To help learners to develop their vocabulary in a need based manner.
- Help learners to express thoughts and feelings in simple language.
- To develop reading and writing skills.
- To develop language skills such as conversation, description and story telling.
- Make pupils confident to speak, read and write English language.

## June- July

* Know my learner.
  - Language games - Conducting group activities to test their listening, speaking reading and writing skills.
  - Listen - draw - read
  - Word chain
* My word book.
  - Developing vocabulary.
  - Picture and word -

## August - September.

* I'm the Reader
* English Library - Simple reading cards and story books.
* Hello English Activities.

## October - November.

- English Assembly.
  chance to present English song, story description of objects etc.
- English Diary.

## December - January.

- Our story book.
  - Developing a story book of their own. Recreate a story heard or read and design it into a book with words and graphics
- Presentation of book and book review.

## February - March.

- Reader's Theatre.
- English Fest.

Presentation of skit, role play, songs, book review etc.

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|
| ഗണിതപഠനത്തോട് ആഭിമുഖ്യം വളർത്തുന്നതിനും പ്രവർത്തനങ്ങൾ ആത്മവിശ്വാസത്തോടെ ഏറ്റെടുത്ത് ചെയ്യാൻ മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പിക്കുക. | * സംഖ്യാബോധം, സങ്കലനം, വ്യവകലനം, ഗുണനം തുടങ്ങിയ ശേഷികൾ നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തൽ | ജൂൺ-ജൂലായ് | പി.ടി.എ & അധ്യാപകർ |
| | * പഠനോപകരണ ശിൽപശാല | | |
| | * ഗണിതലാബ്, ഗണിത വിജയം പ്രവർത്തനങ്ങൾ, ഉല്ലാസഗണിത പ്രവർത്തനങ്ങൾ. | ആഗസ്ത്-സെപ്തംബർ | പി.ടി.എ & അധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|
| ഗണിതസൗന്ദര്യം ആസ്വദിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | ഗണിതാസ്വാദന പ്രവർത്തനങ്ങൾ, പസിലുകൾ, പാറ്റേൺ, ചിത്രപാറ്റേൺ നിർമാണം. | ഒക്ടോബർ-നവംബർ | പി.ടി.എ & അധ്യാപകർ |
| മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷി ഉള്ളവരാക്കുക | സങ്കലനം, വ്യവകലനം, ഗുണനം തുടങ്ങിയ ക്രിയകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ | ഡിസംബർ-ജനുവരി | അധ്യാപകർ |
| | | | |

# പരിസരപഠനം

## ലക്ഷ്യങ്ങൾ.

→ ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക

→ ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

→ ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

→ ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക.

→ ആധുനികശാസ്ത്രഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കുക.

→ ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

→ ആധുനികശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആഹാരശീലങ്ങളും ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുക. | ഭക്ഷ്യമേള- പ്രദർശനം നാടൻവിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചിയറിവും. | ജൂൺ - ജൂലായ്- ആഗസ്ത് | ക്ലാസ് ടീച്ചർ S.R.G. SM.C | |
| പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്തും മുറ്റത്തും | വിവിധ അലങ്കാരച്ചെടികളും ഔഷധച്ചെടികളും നട്ടുപരിപാലിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | S.RG P.T.A | 1000/- |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വസർവേ, ക്ലാസുകൾ, പോസ്റ്റർ രചന | ജൂൺ - ജൂലൈ | എസ്. ആർ.ജി പി.എച്ച്.സി | |

| | | | | |
|---|---|---|---|---|
| നാടറിയാൻ — ഫീൽഡ്ട്രിപ്പ് | * കൃഷിയിടം സന്ദർശനം<br>* കർഷകരുമായി അഭിമുഖം. | സെപ്തംബർ- ഡിസംബർ | എസ്. ആർ. ജി | |
| ശാസ്ത്രാവബോധം വളർത്തുക | ലഘുപരീക്ഷണങ്ങൾ നടത്തൽ, കുറിപ്പ് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | എസ്. ആർ. ജി. ശാസ്ത്രക്ലബ്ബ് | 2000/- |
| പ്രകൃതിവിഭവ സംരക്ഷണം. | * ജൈവവൈവിധ്യപാർക്ക്<br>* പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ. | ജൂലായ്- മാർച്ച് | ശാസ്ത്രക്ലബ്ബ് | 4000/- |
| നിരീക്ഷണം — അറിവ് നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | സി.പി.ടി.എ ക്ലാസ് ടീച്ചർ | 1000/- |
| ശാസ്ത്രമൂല | ശാസ്ത്രമാസിക, ശാസ്ത്രോപകരണങ്ങൾ ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സി.പി.ടി.എ ക്ലാസ് ടീച്ചർ | 2000/- |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം | * ഭൂപട വായന<br>* ഭൂപട രചന | ഒക്ടോബർ | ശാസ്ത്രക്ലബ്ബ്<br>S. R. G | 1000/- |
| ശാസ്ത്രവിസ്മയ ചുമർ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | എല്ലാ മാസവും | എസ്. ആർ. ജി | |
| | | | | |